## ജനസമ്പർക്കത്തിന്റെ ലക്ഷ്യം കൂട്ടായ പരിശ്രമം- മന്ത്രി

ജനാധിപത്യ സംവിധാനത്തിൽ ജനങ്ങളും ഭരണകൂടവും ഒന്നു ചേർന്ന് പോകേണ്ട ഘടകങ്ങളാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പ്രസ്താവിച്ചു. കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിൽ ജനസമ്പർക്ക പരിപാടിയുടെ സമാപനത്തിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ഭരണ-പ്രതിപക്ഷഭേദമന്യേ എല്ലാവരും ഒത്തുചേരുന്നതാണ് ജനസമ്പർക്കം. ഇത് കൂട്ടായ പരിശ്രമമാണ്. ചിന്തിക്കയും പ്രവർത്തിക്കയും ചെയ്യുന്നതിലൂടെ മാത്രമേ പുരോഗതിയുണ്ടാകൂ.

പതിമൂന്നാമത് ജനസമ്പർക്കമാണ് കണ്ണൂരിൽ നടന്നത്. ഇടുക്കി ജില്ലയിലേതു കൂടി കഴിഞ്ഞാൽ ഇതിന്റെ തുടർനടപടികളുണ്ടാകും. ജനസമ്പർക്ക പരിപാടി ഇതോടെ അവസാനിക്കയല്ല. പ്രവൃത്തി പഥത്തിലേക്ക് കടക്കുകയാണ്. മുഖ്യമന്ത്രി പറഞ്ഞു.

ജനസമ്പർക്കം ജനകീയ പ്രശ്നപരിഹാരത്തിനുള്ള ഭരണകൂടത്തിന്റേയും സർക്കാരിന്റേയും ഇച്ഛാശക്തിയുടെ വിജയമാണെന്ന് ചടങ്ങിൽ സംസാരിച്ച ഗ്രാമവികസന-പബ്ലിക് റിലേഷൻസ് വകുപ്പ് മന്ത്രി കെ.സി ജോസഫും ജനാധിപത്യം ജനകീയ പ്രശ്നപരിഹാരത്തിലൂടെയേ സാർത്ഥകമാവുകയുള്ളൂവെന്ന് കൃഷി വകുപ്പ് മന്ത്രി കെ.പി. മോഹനനും അഭിപ്രായപ്പെട്ടു. എം.എൽ.എമാരായ എ.പി. അബ്ദുള്ളക്കുട്ടി, അഡ്വ. സണ്ണിജോസഫ്, കെ.എം. ഷാജി എന്നിവരും സംസാരിച്ചു. ജില്ലാ കലക്ടർ ആനന്ദ്സിംഗ് ആമുഖഭാഷണം നടത്തി. എഡിഎം എൻ.ടി മാത്യു നന്ദി പറഞ്ഞു. ഡിഐജി എസ്. ശ്രീജിത്ത്, എസ്.പി. അനൂപ് കുരുവിള ജോൺ എന്നിവരുടെ നേതൃത്വത്തിൽ സുശക്തമായ പോലീസ് സേന സജ്ജമായിരുന്നു.

ജനസമ്പർക്ക പരിപാടിയിൽ ഉടനീളം മുഖ്യമന്ത്രിക്ക് ഒപ്പം പരാതികളുടെ പരിശോധനക്കും പരിഹാര നടപടികൾക്കുമായി മന്ത്രിമാരായ കെ.സി. ജോസഫും കെ.പി. മോഹനനും ഉണ്ടായിരുന്നു. എം.എൽ.എമാരായ എ.പി. അബ്ദുള്ളക്കുട്ടി, കെ.കെ. നാരായണൻ, ടിവി. രാജേഷ് എന്നിവരും പരാതികൾ സ്വീകരിക്കാൻ ഉണ്ടായിരുന്നു. നേ് പുലർച്ചെ 3.03നാണ് ജില്ലയിൽ ജനസമ്പർക്കപരിപാടിക്ക് സമാപനമായത്.

## 2108 പരാതികളിൽ 1.22 കോടിയുടെ ധനസഹായം അനുവദിച്ചു

കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിൽ നടന്ന മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ ജനസമ്പർക്ക പരിപാടിയിൽ 2108 പരാതികളിലായി 1,22,96,500 രൂപയുടെ ധനസഹായം അനുവദിച്ചു. പരിപാടി അവസാനിച്ചപ്പോഴുള്ള കണക്കാണിത്. ദുരിതാശ്വാസ ധനസഹായവുമായി ബന്ധപ്പെട്ട അപേക്ഷകളിൽ പരിശോധിച്ച് നടപടി കൈക്കൊള്ളേണ്ടവയിൽ പിന്നീട് പരിഹാരമാകും.

ജനസമ്പർക്ക വേദിയിൽ 5,666 പുതിയ അപേക്ഷകളാണ് കൗണ്ടറുകളിൽ രജിസ്റ്റർ ചെയ്യപ്പെട്ടത്. 24,213 അപേക്ഷകളടക്കം ആകെ അപേക്ഷകൾ 29,879 ആണ്. രജിസ്റ്റർ ചെയ്യപ്പെടാതെ 800ഓളം അപേക്ഷകളും പരിഗണിക്കപ്പെട്ടു.